# AUPS MULLERIA

## ആമുഖം

സപ്തഭാഷകളിലും ആശയവിനിമയം നടത്തി വരുന്ന കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമ പഞ്ചായത്തിലുള്ള മുള്ളേരിയ എ. യു. പി സ്കൂൾ 1964 മുതൽ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് മഹത്തായ 61 വർഷത്തെ പഠനപാരമ്പര്യം കാത്തു സൂക്ഷിച്ച് മുഖമുയർത്തി നിൽക്കുന്നു. 12 ഡിവിഷനുകളിലായി 5 മുതൽ 7 വരെ ക്ലാസുകളിൽ 476 കുട്ടികൾ വിദ്യ അഭ്യസിക്കുന്നുണ്ട്. 16 അധ്യാപകരും ഒരു കമ്പ്യൂട്ടർ ടീച്ചറും ഒരു പ്യൂണും സേവനമനുഷ്ഠിക്കുന്നു. മലയാളം, കന്നട, ഇംഗ്ലീഷ് മാധ്യമങ്ങളിലായി പഠനം നടത്തുന്നു. വിശാലമായ ഒരു കമ്പ്യൂട്ടർ ലാബും, ഹിന്ദി, മലയാളം, കന്നട ഭാഷകളിലായി ലൈബ്രറികളും പ്രവർത്തിക്കുന്നുണ്ട്.

സാധാരണക്കാരന് പ്രാഥമിക വിദ്യാഭ്യാസം അന്യം നിന്നിരുന്ന ഒരു കാലത്ത്

വിദ്യാഭ്യാസത്തിന്റെ അർത്ഥവും ആഴവും തിരിച്ചറിഞ്ഞ ശ്രീ കാർലെ സുബ്ബണ്ണ ഭട്ട് സ്കൂൾ നിർമ്മിക്കാനാവശ്യമുള്ള സ്ഥലം ദാനമായി നൽകി. നാട്ടുകാരുടെ സഹകരണത്തോടുകൂടി 1964 ൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

സ്കൂളിലെ പഠനനിലവാരം എന്നും നൂറുശതമാനമാണ്. കായിക മേളകളിലും കലാമേളകളിലും ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും കുട്ടികളെ ജില്ലാതലം വരെ പങ്കെടുപ്പിച്ച് മികച്ച സ്ഥാനം നിലനിർത്തി വരുന്നു.

പഠനത്തോടൊപ്പം കുട്ടികളിൽ സാമൂഹികവും പൗരബോധവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ആരോഗ്യ ശുചീകരണ പരിപാലനത്തിലും ബോധവാൻമാരാക്കുന്നതിന് വേണ്ടി സ്കൂൾ പരിസരങ്ങളിൽ കുട്ടിവനവും

ശലഭോദ്യാനവും ഒരുക്കി സ്കൂളിന്റെ മുഖച്ഛായ മാറ്റിയെടുത്തു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നിരവധി പുരസ്കാരങ്ങൾ സ്കൂളിനെ തേടിയെത്തി.

കുട്ടികളിൽ രാജ്യസ്നേഹവും അച്ചടക്കവും ആത്മധൈര്യവും വളർത്തിയെടുക്കുന്നതിൽ സ്കൂളിലെ സ്കൗട്ട് വിഭാഗം പ്രധാന പങ്ക് വഹിക്കുന്നു. വിശാലമായ സ്മാർട്ട് ക്ലാസ്റൂമുകളും ഭക്ഷണശാലയും കളിസ്ഥലവും സ്കൂളിന്റെ മുതൽക്കൂട്ടാണ്.

## മലയാളം ①

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | * 5, 6 ക്ലാസുകളിലെ ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി നടത്തുന്ന സാക്ഷരം ക്ലാസ്.<br>* ഭാഷാകേളി:- അക്ഷരങ്ങളെയും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>* വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് | ജൂൺ മുതൽ ഫെബ്രുവരി | ഭാഷാധ്യാപകർ |
| * സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തുക | * സംവാദം, മുഖാമുഖം സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുക | വർഷത്തിലൊരിക്കൽ | ഭാഷാധ്യാപകർ |

# മലയാളം



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | * 5, 6 ക്ലാസുകളിലെ ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി നടത്തുന്ന സാക്ഷരം ക്ലാസ്.<br>* ഭാഷാകേളി:- അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>* വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് | ജൂൺ മുതൽ ഫെബ്രുവരി | ഭാഷാധ്യാപകർ |
| * സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | * സംവാദം, മുഖാമുഖം സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുക | വർഷത്തിലെ രണ്ട് തവണ / വർഷത്തിലെ തിങ്കൾ | ഭാഷാധ്യാപകർ |

| | | | |
|---|---|---|---|
| * പഠിതാക്കളിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | ഭാഷാധ്യാപകർ |
| * പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഭാഗമായി കഥാരചന, കവിതാരചന, അഭിനയം, നാടൻപാട്ട് എന്നിവ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | ഭാഷാധ്യാപകർ |

| | | | |
|---|---|---|---|
| ദിവസേന വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| * തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷനറി എന്നിവ തയാറാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിൽ തെറ്റുകൂടാതെ എഴുതുന്നു. കൂടുതൽ എണ്ണം തെറ്റുകൂടാതെ എഴുതുന്ന കുട്ടി വിജയിയായി പ്രഖ്യാപിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |

## ഹിന്ദി



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പരിശീലിപ്പിക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുക്കുക, ചിത്രങ്ങൾ അക്ഷരമാല ചാർട്ട്, ഭാഷാലാബിലെ ICT ഉപയോഗിച്ച് അക്ഷര രചന കാണിക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| * ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക ICT വഴിയുള്ള ചിത്രകഥകൾ കാണിക്കുക. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| * ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുകൾ | നിത്യജീവിതത്തിൽ ഉപയോഗം വരുന്ന വാക്കുകൾ പരിചയപ്പെടുത്തുക. അവരവരുടെ ചെറിയ ചെറിയ കാര്യങ്ങൾ | | |

## ഹിന്ദി

③

| | | | |
|---|---|---|---|
| | ഹിന്ദിയിൽ തന്നെ ചോദിക്കാനും പറയാനും ശീലിപ്പിക്കുക. അധ്യാപിക തെറ്റിച്ച് വായിക്കുകയും അത് ശരിയാക്കി വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുന്ന കളി. | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

ശ്രാമിക്ക് ①

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ന്യായ സംഭാഷണം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി പഠനപ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്. | ജൂൺ - ഫെബ്രുവരി | ഭാഷാധ്യാപകൻ |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കാൻ | കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി അവർക്കുവേണ്ട പരിശീലനം നൽകുന്നു | ജൂലൈ - ഒക്ടോബർ | |
| മത്സര പരീക്ഷകൾക്കുള്ള പ്രോത്സ | ക്വിസ്, സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം | | |

ആവലിക്ക് ②

| | | | |
|---|---|---|---|
| പരിശീലനം<br><br>സർഗാത്മക രചന കൾ വികസിപ്പിക്കാൻ | ഉപന്യാസം, ആസ്വാദനം, .... ---- , സൃഷ്ടികൾ | ഇന്റേൺ - ഷിപ്പ് | ആസ്വാദിക്ക് അദ്ധ്യാപിക |

സംസ്കൃതം (1)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികളേയും ഭാഷാ പഠന തൽപരരാക്കുന്നു. * അക്ഷരങ്ങളും പദങ്ങളും അർത്ഥങ്ങളും ഉറപ്പിക്കുക. | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി പഠനപ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| * സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| * സർഗാത്മക രചനകൾ വികസിപ്പിക്കാൻ | സംസ്കൃത ദിനാചരണത്തിന്റെ ഭാഗമായി പ്രശ്നോത്തരി, കവിത, ഉപന്യാസം പരിശീലനം, സൃഷ്ടി | | |

സംസ്കൃതം

| | | | |
|---|---|---|---|
| x) ഭാഷാ പഠനം കലാ പരിചയം | കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജമാക്കുന്നു. | ജൂലൈ - നവംബർ | അധ്യാപകൻ |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | ജൂൺ - ഫെബ്രുവരി | അധ്യാപകൻ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഇതിനുവേണ്ടി മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കാം. | ജൂൺ | ഗണിത അധ്യാപകർ |
| ഗണിത ശാസ്ത്ര പഠനവും അവലനശേഷികളുടെ വികാസവും | ജ്യോമെട്രിക്കൽ ചാർട്ട് പ്രദർശനം, ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. ശാസ്ത്രമേളയ്ക്കായുള്ള ജ്യോമെട്രിക്കൽ ചാർട്ട് പരിശീലനം. | ജൂലൈ - ഒക്ടോബർ | ഗണിത അധ്യാപകർ |
| ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കാൻ | ഗെയിം, പസിൽ, നമ്പർചാർട്ട്, ഗണിതരൂപങ്ങളുടെ നിർമ്മിതി, ശാസ്ത്രമേളയ്ക്കുള്ള പരിശീലനവും | ജൂലൈ - ഒക്ടോബർ | ഗണിത അധ്യാപകർ |

<u>ഗണിതം</u>

| | | | |
|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | I.C.T യിലൂടെ അദ്ധ്യാപനം, ഗ്രാഫ്, ത്രിമാന മാതൃകകൾ... കുട്ടികളിൽ എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസങ്ങളിലൊരിക്കൽ | ഗണിതാദ്ധ്യാപകർ. |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാൻ | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും സമർത്ഥരായ കുട്ടികളും ചേർന്ന് പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അദ്ധ്യാപകർ, സമർത്ഥരായ കുട്ടികൾ |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകർ |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ | * അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ I.C.T സാധ്യതകൾ ഉപയോഗിച്ച് പരിശോധിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| * ചരിത്രാവബോധം ഉളവാക്കി മരുക | ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| * ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന- | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രാധ്യാപകർ |

| | | | |
|---|---|---|---|
| | ങ്ങൾ മനസിലാക്കുന്നു. | | |
| * സഹജീവികളോട് സമഭാവന വളർ-ത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കു ക | പ്രകൃതി ദുരന്തങ്ങളുടെ വിഡിയോ പ്രദർശി-പ്പിക്കുക. സ്ഥലങ്ങൾ സന്ദർശിച്ച് ഇരയായ വ്യക്തികൾക്ക് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം ഒരുക്കുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര-അധ്യാപകർ |

## അടിസ്ഥാനശാസ്ത്രം ①

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | കുട്ടിവനം, നക്ഷത്രവനം, ജൈവവൈവിധ്യ ഉദ്യാനം, ശലഭോദ്യാനം നിർമ്മിക്കണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| * ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | * ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| * ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ | ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ നേതൃത്വ- | | |

അടിസ്ഥാനശാസ്ത്രം ②

| | | | |
|---|---|---|---|
| കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ത്തിൽ വിവിധ ശാസ്ത്ര ആശയ-വുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി നിർമ്മിച്ച് അവതരിപ്പി-ക്കാനുള്ള അവസരം നൽകുക. ശാസ്ത്ര ലാബ് വിപുലീകരണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ക്ലബ് മെമ്പേഴ്സ് |
| * നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് ചുറ്റും സംരക്ഷണമൊരുക്കൽ | [illegible] ദിവസം | ഇക്കോ ക്ലബ് കുട്ടികൾ |

A.U.P. SCHOOL MULLERIA
Date:........

SREEKALA M
PEN NO - 507790
HEAD MISTRESS
AUPS MULLERIA
KASARAGOD-671543